# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3704-
## 2018 ജൂൺ 21- നുള്ള മറുപടിയ്ക്ക്

ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് ബഷീർ എംഎൽഎ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ മന്ത്രി |
|---|---|
| (എ) നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ഭവന നിർമ്മാണ വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | 12/11/2009 തീയതിയിലെ സ.ഉ.(പി)നം.505/2009/ധന പ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ പദ്ധതി പുന:രാവിഷ്കരിച്ചത്.<br>• 5 വർഷം മുഴുവൻ സർവ്വീസ് പൂർത്തിയായതും 50 മാസം സർവ്വീസ് അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാരാണ് ഭവന വായ്പയ്ക്ക് അർഹരായുള്ളത്.ഭാഗിക സേവനമോ/ എയ്ഡഡ് വിദ്യാലയ സേവനമോ പരിഗണിക്കുന്നതല്ല. സ്വന്തമായോ ഭാര്യ/ ഭർത്താവിന്റെയോ പേരിൽ വീടുള്ളവർ വായ്പയ്ക്ക് അർഹരല്ല.<br>• അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി പരമാവധി 20 ലക്ഷം രൂപയാണ് (സംയുകത അപേക്ഷ-യിലും) വായ്പയായി അനുവദനീയമാകുന്നത്.<br>• 8% വാർഷിക സാധാരണ പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്. എന്നാൽ വസ്തു സർക്കാരിലേക്ക് പണയപ്പെടുത്തുമ്പോൾ (വായ്പാ മുതലിന്റെ 2 ശതമാനവും ) പണയ വസ്തു വിട്ടുവിക്കുമ്പോഴും വായ്പാ മുതലിന്റെയും പലിശയുടെയും 2 ശതമാനവും ഫീസായി ഒടുക്കേണ്ടതാണ്.<br>• ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേക്ക് ഏറ്റെടുക്കുന്നത് അനുവദനീയമല്ല.<br>• വിരമിക്കാൻ കുറഞ്ഞ സേവനമുള്ളവരാണ് സംസ്ഥാനതല ഭവന നിർമ്മാണ വായ്പാ പട്ടികയിൽ ആദ്യമുണ്ടാവുക<br>• അസ്സൽ ആധാരം, ടൈറ്റിൽ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത് , ലൊക്കേഷൻ സർട്ടിഫിക്കറ്റ്, പൊസ്സഷൻ സർട്ടിഫിക്കറ്റ്, വസ്തു സംബന്ധമായ ബാദ്ധ്യത സർട്ടിഫിക്കറ്റ്, പ്ലാൻ & എസ്റ്റിമേറ്റ്, |

| | |
|---|---|
| | കെട്ടിട അനുമതി എന്നിവയെല്ലാം അപേക്ഷയ്ക്കൊപ്പം ഹാജരാക്കേണ്ടതാണ്.<br><br>ഉദ്യോഗസ്ഥർക്ക് സർക്കാരിൽ നിന്നുള്ള വായ്പയ്ക്ക് പുറമേ അധിക ധനം ആവശ്യമായി വരുകയാണെങ്കിൽ സെക്കന്റ് മോർട്ട്ഗേജായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാവുന്നതാണ്. 11/02/2008 ലെ സ.ഉ.(അച്ചടി) നം.76/2008/ധന ആയത് സർക്കാരിൽ നിന്നുള്ള ഭവന വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന വായ്പയും കൂടി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിയിൽ കവിയാതെ പരമാവധി 40 ലക്ഷം വരെ വായ്പയായി എടുക്കാവുന്നതാണ്. (30/09/2016 ലെ സ.ഉ.(അച്ചടി) നം.143/2016/ധന). |
| (ബി) ഇത് സംബന്ധിച്ച് സീനിയോറിറ്റിയുടെ വിശദാംശങ്ങൾ വകുപ്പ് തരം തിരിച്ച് ലഭ്യമാക്കാമോ? | ഭവന നിർമ്മാണ വായ്പ സീനിയോറിറ്റിയുടെ വിശദാംശം വകുപ്പ് തരം തിരിച്ച് പട്ടിക ജനറേറ്റ് ചെയ്യുവാൻ സാധ്യമല്ല. നിലവിൽ ജീവനക്കാരുടെ സർവ്വീസ് അനുസരിച്ചുള്ള സീനിയോറിറ്റി ആയിട്ടാണ് ഭവന നിർമ്മാണ വായ്പാ ലിസ്റ്റ് ക്രമപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ